LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ വൈകുന്നേരം രോഗികൾ വന്നാൽ, പിറ്റെ ദിവസം രാവിലെ വരുവാൻ പറഞ്ഞു് ഒരു നേരത്തെ മരുന്നു് കൊടുക്കുന്നു എന്നേയുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു ഒരിക്കലും ശരിയല്ലെന്നു എനിക്കറിയാവുന്ന പരമാർത്ഥമാണു്. തൃശ്ശിവപേരൂർ നിന്നു ആറേഴുനാഴിക അകലമുള്ള മുണ്ടൂർ, കൈപ്പറമ്പു് മുതലായ സ്ഥലങ്ങളിൽനിന്നും സിവിലാസ്പത്രിയിൽ കാലത്തു പരിശോധനക്കെത്തുവാൻ സാധിക്കാതെ വരുന്ന രോഗികൾക്കു് വൈകുന്നേരം ചെന്നാൽ ഒരു നേരത്തെ മരുന്നു തന്നെയാണൊ കൊടുത്തയക്കുക?

റാവുബഹദൂർ ടി. കെ. നായർ: വിദഗ്ദ്ധന്മാരുടെ അഭിപ്രായം പരിശോധന രാവിലെമാത്രമെ പാടുള്ളു എന്നുണ്ടെങ്കിൽ അവർ അന്നവിടെ താമസിച്ചു് പിറ്റെ ദിവസം കാലത്തു് വരുക തന്നെവേണമെന്നു എനിക്കു് പറയാനുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ; അന്നവിടെ താമസിക്കുകയാണെങ്കിൽ ഗവമ്മെണ്ടു അവക്കു ഭക്ഷണം സൌജന്യമായി കൊടുക്കുമോ? അങ്ങിനെയുള്ള സാധുക്കളായ രോഗികൾക്കു് ഒരു സൌകര്യം ചെയ്തുകൊടുക്കുവാൻ വേണ്ടി ആറുനേരത്തെ മരുന്നു കൊടുക്കരുതെ?

റാവുബഹദൂർ ടി. കെ. നായർ: ഇതൊരു വിദഗ്ദ്ധാഭിപ്രായമാണു്. വിദഗ്ദ്ധന്മാർ ഇങ്ങിനെ അഭിപ്രായപ്പെടുകയാണെങ്കിൽ ഇങ്ങിനെ ചെയ്യാനെ തരമുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു് തൃശ്ശിവപേരൂർ സിവിൽ ആസ്പത്രിയിലെ ഒരു പ്രത്യേകമായ വിശേഷമാണൊ; അതൊ മററാസ്പത്രികളിലും ഇങ്ങിനെതന്നെയാണൊ മേലാൽ നടപ്പിലാക്കുവാൻ മന്ത്രി ഉത്സാഹിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അതിൻെറ ഗുണദോഷം മുഴുവൻ അന്വേഷിച്ചിട്ടു് വേണം പറയാൻ. അതിനു് പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ പറയാം.

മിസ്റ്റർ പി. കെ. ഡീവർ: വൈകുന്നേരം ഔട്ടുപേഷ്യൻസിൽ ചികിത്സ വേണ്ടെന്നു വെക്കുന്നതു വരെയെങ്കിലും, രാവിലെ കൊടുക്കുന്ന പോലെതന്നെ വൈകുന്നേരവും ആറു നേരത്തെ മരുന്നു കൊടുക്കാൻ വിരോധമുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ; ഇക്കാര്യത്തിൽ ചീഫ്മെഡിക്കലാഫീസ്സരുടെ ഉപദേശമനുസരിച്ചു ചെയ്യാം.

മിസ്റ്റർ പി. കെ. ഡീവർ: വൈകുന്നേരം രോഗികളെ പരിശോധിച്ചു മരുന്നുകൊടുക്കുകയില്ല എന്നു് വെക്കുന്നതുവരെ ഇപ്പോൾ വരുന്ന രോഗികൾക്കു് ആറുനേരത്തെ മരുന്നു കൊടുക്കാൻ ഏർപ്പാടു ചെയ്യാമൊ എന്നാണു ചോദ്യം.

റാവുബഹദൂർ ടി. കെ. നായർ: മിക്ക ആസ്പത്രികളിലും ആറുനേരത്തെ മരുന്നു് കൊടുത്തുവരുന്നുണ്ടെങ്കിൽ തൃശ്ശിവപേരൂർ ആസ്പത്രിയിലും അങ്ങിനെകൊടുക്കാൻ ഏർപ്പാടു ചെയ്യാം.

മിസ്റ്റർ എം. കെ. രാജ: രോഗികളെ പരിശോധിച്ചല്ലെ മരുന്നു കൊടുക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ എം. കെ. രാജ: അങ്ങിനെയാണെങ്കിൽ ആറുനേരത്തെ മരുന്നു എപ്പോഴായാലും കൊടുക്കുന്നതിനു് എന്താണു വിരോധം?

റാവുബഹദൂർ ടി. കെ. നായർ: രോഗങ്ങളൊക്കെ അഗ്രവേററ ചെയ്യുന്നതു് രാവിലെയാണു്. അതുകൊണ്ടാണു് പിറ്റെ ദിവസം രാവിലെ വന്നുകൊള്ളട്ടെ എന്നുവെച്ചു തൽക്കാലം ഒരു നേരത്തെ മരുന്നു്കൊടുത്തു വരുന്നതെന്നു മറുപടിപറഞ്ഞതു്. മുഴുവൻ പരിശോധിക്കാതെ, ഒരു നിലക്കുള്ള പരിശോധനകഴിച്ചു ആറുനേരത്തേക്കുള്ള മരുന്നു് കൊടുത്താൽ മതി എന്നു പറയുകയാണെങ്കിൽ, ഇതിനെസംബന്ധിച്ചു വകുപ്പദ്ധ്യക്ഷൻെറ opinion എടുത്തിട്ടു വേണ്ടതുപോലെ ചെയ്യാം.

REGISTRATION OF CO-OPERATIVE SOCIETIES

358. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കാട്ടൂർ വില്ലേജിൽ ൧൧൨൨-ൽ എത്ര പരസ്പരസഹായസംഘങ്ങൾ റജിസ്റ്റു് ചെയ്തിട്ടുണ്ടു്; അവകൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker]

(ബി) ഇവ ഓരോന്നിൻേറയും വ്യാപകാത്ഥത്തികൾ ഏതെല്ലാം; അവ ഓരോന്നും നടത്തിവരുന്നതു് ഏതേതു സ്ഥലത്തുവെച്ചു്;

(സി) ഇവ ഓരോന്നും റജിസ്റ്റു് ചെയ്യതു് ഏതേതുമാസം, തിയ്യതിയിൽ;

(ഡി) ഇതിൽ ഏതെങ്കിലും സംഘത്തിൽ നിയമസഭാസാമാജികന്മാർ ആരെങ്കിലും അംഗമായി ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) കാട്ടൂർ വില്ലേജിൽ മാത്രമായി ൧ ൧൨൨-ൽ പരസ്പരസഹായസംഘങ്ങൾ ഒന്നും റജിസ്റ്റു് ചെയ്യിട്ടില്ല. ആ വില്ലേജുംകൂടി ഉൾപ്പെടുത്തി ൩൦൦-ാംനമ്പ്രായി ഒരു വിവിധോദ്ദേശ പരസ്പരസഹായസംഘവും, ൩൧൮-ാംനമ്പ്രായി ഒരു സ്റ്റോറും റജിസ്റ്റു് ചെയ്യിട്ടുണ്ടു്. (൧) കാട്ടൂർ പഞ്ചായത്തു വിവിധോദ്ദേശ പരസ്പരസഹായസംഘം. (൨) താണിശ്ശേരി റൂറൽ പരസ്പരസഹായ സ്റ്റോർ.

(ബി) ഈ രണ്ടു സ്ഥാപനങ്ങളുടേയും വ്യാപകാത്ഥത്തി കാട്ടൂർ പഞ്ചായത്തിൽപെട്ട കാട്ടൂർ, കാറളം, മനവലശ്ശേരി എന്നീ വില്ലേജുകൾ ആകുന്നു. കാട്ടൂർ പഞ്ചായത്തു വിവിധോദ്ദേശസംഘം ഇപ്പോൾ കിഴുത്താണിയിലും, താണിശ്ശേരി റൂറൽ സ്റ്റോർ, താണിശ്ശേരിയിലും ആണു നടത്തിവരുന്നതു്.

(സി) ൩൦൦-ാംനമ്പ്ര് സംഘം ൧൧൨൨ കുംഭം ൭-ാംനു-യിലും ൩൧൮-ാംനമ്പ്ര് സംഘം ൧൧൨൨ മീനം ൭-ാംനു-യിലും ആണു റജിസ്റ്റർ ചെയ്യിട്ടുള്ളതു്.

(ഡി) ഉവ്വു്. വിവിധോദ്ദേശ സംഘത്തിൽ മിസ്റ്റർ പയ്യൂർ അച്ചുതമേനോൻ ഒരു അംഗമായി ചേർന്നതു് അറിവുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൩൦൦-ാംനമ്പ്ര് സംഘവും ൩൧൮-ാംനമ്പ്ര് സംഘവും റജിസ്റ്റ്രചെയ്യ കിട്ടുന്നതിന്നു് അപേക്ഷ കിട്ടീട്ടുള്ളതു് എന്നാണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതിനുള്ള അപേക്ഷയാണു് ആദ്യം കിട്ടിയതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സ്‌വേണം എന്നു പറഞ്ഞാൽ അതിന്റെ തിയ്യതിയൊന്നും നിശ്ചയമില്ലെന്നാണു് അത്ഥം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഓരോ സൊസൈററിയുടേയും വ്യാപകാത്ഥത്തി എങ്ങിനെയാണു് നിശ്ചയിക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിന്നു് ഒരു തത്വവുമുണ്ടെന്നു് തോന്നുന്നില്ല. എതെങ്കിലും രണ്ടോ മൂന്നോ വില്ലേജുകൾ ഉൾക്കൊള്ളിച്ചിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ രണ്ടു സൊസൈററികളും, കാട്ടൂർ പഞ്ചായത്തിന്റെ തെക്കെ അററത്തല്ലെ സ്ഥിതിചെയ്യുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആയിരിക്കും. When the Hon'ble Member Mr. Panicker says so, I don't dispute the point at all.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു് ആ പഞ്ചായത്തിലെ ജനങ്ങൾക്കു് ഉപകാരപ്രദമായ സ്ഥിതിയിലല്ല സ്ഥിതിചെയ്യുന്നതെന്നു ഗവമ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മൂന്നു വില്ലേജുകളുംകൂടി നടത്തുന്നതായതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർമാർ ഉദ്ദേശിക്കുന്ന അത്ര സൌകര്യം ഉണ്ടാകണമെന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കിഴുത്താണിയിലും, താണിശ്ശേരിയിലും ഉള്ളവക്കു വളരെ സൌകര്യമാണെങ്കിലും ആ പഞ്ചായത്തിൽപെട്ട മറെറതെങ്കിലും ഭാഗങ്ങളിൽ ഉള്ള അംഗങ്ങൾക്കു് ഇതു് സൌകര്യപ്രദമാണൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസുവേണം.

FILTERS—WASHING OF

359. **മിസ്റ്റർ എം. കെ. വറുഗീസ്:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) ചൊവ്വര വാട്ടർ വർക്സിലെ അരിപ്പകൾ (Filters) കഴുകുന്നതിന്നു ശുദ്ധിചെയ്യ വെള്ളമാണൊ ഉപയോഗിക്കുന്നതു്;

(ബി) ഒരു ഫിൽട്ടർ കഴുകുന്നതിന് എത്ര ഗാലൻ വെള്ളം വേണ്ടിവരുന്നു;